**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

4914/എൽ/15/കെ.എസ്.എച്ച്.ഒ 06.03.2017

പ്രേഷക,

ഡയറക്ടർ(എ &എഫ്)
കുടുംബശ്രീ

സ്വീകർത്താവ്

ജില്ലാ മിഷൻ കോർഡിനേറ്റർ
കണ്ണൂർ, മലപ്പുറം, എറണാകുളം, കൊല്ലം, പത്തനംതിട്ട

വിഷയം: രംഗശ്രീ നാടകാവതരണം- അന്താരാഷ്ട്ര വനിതാദിനം- ചിലവുകൾ സംബന്ധിച്ച്

അന്താരാഷ്ട്ര വനിതാദിനാഘോഷം 2017 മാർച്ച് 8 ന് കുടുംബശ്രീയും, സാമൂഹ്യ നീതി വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പിനു വേണ്ടി രംഗശ്രീ അംഗങ്ങളെ ഉപയോഗിച്ച് ഒരു ക്യാംപെയിൻ സംഘടിപ്പിക്കുന്നുണ്ട്.

ഈ പരിപാടിയുമായി ബന്ധപ്പെട്ട് 2017 മാർച്ച് 3 മുതൽ മാർച്ച് 7 വരെ എറണാകുളം ജില്ലയിൽ വെച്ച് പരിശീലനം നടക്കുകയാണ്. ടി പരിശീലനത്തിൽ പങ്കെടുക്കുന്ന താങ്കളുടെ ജില്ലയിലെ രംഗശ്രീ ടീം അംഗങ്ങളുടെ യാത്രാചിലവ്, ഭക്ഷണചിലവ് എന്നിവയും കൂടാതെ നാടകവാതരണത്തിനുള്ള മെറ്റീരിയലുകൾ അതത് ജില്ലയിലേക്ക് കൊണ്ടു വരുന്നതിനും പരിശീലനത്തിനായി എറണാകുളം ജില്ലയിലേക്ക് കൊണ്ടുപോയതുമുൾപ്പെടെയുള്ള ചിലവുകൾ രംഗശ്രീ പദ്ധതി നടത്തിപ്പിനായി ജില്ലാ മിഷനിൽ ലഭ്യമായിട്ടുള്ള തുകയിൽ നിന്ന് ചിലവഴിക്കാവുന്നതാണ്. എറണാകുളം ജില്ലയിൽ നിന്ന് നാടകത്തിനാവശ്യമായ സാധന സാമഗ്രികൾ അതതു ജില്ലകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

ഡയറക്ടർ(എ &എഫ്)
കുടുംബശ്രീ